**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 13** **12-10-2026-ൽ മറുപടിയ്ക്ക്**

**നൂറ് ദിന കർമ്മ പരിപാടിയുടെ പുരോഗതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. റഹ്മത്തുള്ള ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** തിരഞ്ഞെടുപ്പുകാലത്തു നൽകിയ വാഗ്ദാനങ്ങൾ സമയബന്ധിതമായി നിറവേറ്റുന്നതിന്റെ ആദ്യ പടിയായി ഈ സർക്കാർ പ്രഖ്യാപിച്ച നൂറു ദിന കർമ്മ പരിപാടിയുടെ പുരോഗതി അറിയിക്കാമോ;

**മറുപടി:** 2026 ജൂലൈ 1 മുതൽ ആരംഭിച്ച 100 ദിന കർമ്മപദ്ധതിയിൽ ഉൾപ്പെട്ട 588 പദ്ധതികളിൽ 570 എണ്ണം (96.94%) പൂർത്തീകരിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത കർമ്മ പരിപാടിയിൽ പ്രഖ്യാപിച്ച പദ്ധതികളിൽ എത്രയെണ്ണം നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടെന്നും, നിർവഹണം പുരോഗമിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

**മറുപടി:** പ്രസ്തുത കർമ്മ പരിപാടിയിൽ പ്രഖ്യാപിച്ച 588 പദ്ധതികളിൽ 570 എണ്ണം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 18 പ്രവൃത്തികൾ നിർവ്വഹണം പുരോഗമിച്ച് വരുന്നുണ്ട്. നിർവഹണ പുരോഗതിയിലുള്ള പദ്ധതികൾ അതിവേഗം പൂർത്തിയാക്കുന്നതിന് വകുപ്പ് മന്ത്രി തലത്തിലും സെക്രട്ടറിതലത്തിലും ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നു. പദ്ധതിക്കായി തയ്യാറാക്കിയ ഡാഷ്ബോർഡ് മുഖേന പ്രതിദിനം പുരോഗതി വിലയിരുത്തുന്നു. നിർവഹണം പുരോഗമിക്കുന്ന പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.

**(സി)** നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ വിശദമാക്കുമോ; വിവിധ പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**മറുപടി:** പ്രസ്തുത കർമ്മ പരിപാടിയിൽ പ്രഖ്യാപിച്ച 588 പദ്ധതികളിൽ 570 എണ്ണം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 18 പ്രവൃത്തികൾ നിർവ്വഹണം പുരോഗമിച്ച് വരുന്നുണ്ട്. നിർവഹണ പുരോഗതിയിലുള്ള പദ്ധതികൾ അതിവേഗം പൂർത്തിയാക്കുന്നതിന് വകുപ്പ് മന്ത്രി തലത്തിലും സെക്രട്ടറിതലത്തിലും ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നു. പദ്ധതിക്കായി തയ്യാറാക്കിയ ഡാഷ്ബോർഡ് മുഖേന പ്രതിദിനം പുരോഗതി വിലയിരുത്തുന്നു. നിർവഹണം പുരോഗമിക്കുന്ന പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

| ക്രമ നമ്പർ | വകുപ്പ് | പദ്ധതിയുടെ പേര് |
|---|---|---|
| 1 | ആയുഷ് വകുപ്പ് | കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് പൂർണ്ണ പ്രവർത്തന സജ്ജമാക്കാൻ |
| 2 | ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ വകുപ്പ് | ഗ്രാഫീൻ ഗവേഷണ-നവോന്മേഷ മേഖലയിൽ ഇന്ത്യയുടെ മുൻനിര കേന്ദ്രമായ India Innovation Centre for Graphene (IICG)-ലെ Clean Room ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും |
| 3 | ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ വകുപ്പ് | ടെക് മേഖലയിൽ നിക്ഷേപ പ്രോൽസാഹനത്തിനും സ്റ്റാർട്ടപ്പുകൾക്ക് Scale-up ഫിനാൻസിംഗ് ഉറപ്പ് വരുത്തുന്നതിനും The Future Corporation (TFC) പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കും . |
| 4 | ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് | Completion of isolation wards in 10 Hospitals |
| 5 | ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് | കാത്ത് ലാബ് (Cath Lab), താലൂക്ക് ആശുപത്രി, അടിമാലി ഉത്ഘാടനം |
| 6 | ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് | സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം - ക്രിട്ടിക്കൽ കെയർ ബ്ലോക്ക് പൂർത്തീകരണം |
| 7 | ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് | സർക്കാർ മെഡിക്കൽ കോളേജ്, കോന്നി - ലാപ്രോസ്കോപ്പിക് സിസ്റ്റം സ്ഥാപിക്കൽ. |
| 8 | ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് | സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം - പെറ്റ് സിടി (PET CT) സ്ഥാപിക്കൽ & പുതിയ എംആർഐ സ്ഥാപിക്കൽ |
| 9 | ആഭ്യന്തര വകുപ്പ് | അബ്കാരി കേസുകൾപരിഗണിക്കുന്ന കോടതികളെ എൻ.ഡി.പി.എസ്. (NDPS - Narcotic Drugs and Psychotropic Substances) കോടതികളായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 10 | ആഭ്യന്തര വകുപ്പ് | ഉയരമേറിയ കെട്ടിടങ്ങളിലെ രക്ഷാപ്രവർത്തനങ്ങൾക്കായി ഒരു ഏരിയൽ ലാഡർ പ്ലാറ്റ്ഫോം (ALP) വാങ്ങുക. |
| 11 | ആഭ്യന്തര വകുപ്പ് | ജയിൽ വകുപ്പിലെ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിന്റെ നവീകരണം (പോർട്ടബിൾ വി.സി സംവിധാനം സ്ഥാപിക്കുക) |
| 12 | ആഭ്യന്തര വകുപ്പ് | തിരുവനന്തപുരം വിമെൻ ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോമിലെ വിവിധ സെല്ലുകളുടെ നവീകരണ പ്രവർത്തികൾ |
| 13 | ആഭ്യന്തര വകുപ്പ് | പോലീസ് കോൺസ്റ്റബിൾ നിയമനത്തിലെ നിലവിലുള്ള 9:1 അനുപാതം 7:3 ആയി പരിഷ്കരിച്ച് പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 14 | തദ്ദേശ സ്വയംഭരണ വകുപ്പ് | സാനിറ്ററി പാഡുകളുടെയും ഡയപ്പറുകളുടെയും സംസ്കരണ സംവിധാനം ഏർപ്പെടുത്തും. |
| 15 | പൊതുമരാമത്ത് വകുപ്പ് | കുന്നത്തൂർ മിനി സിവിൽ സ്റ്റേഷൻ പുതിയ കെട്ടിട നിർമ്മാണം |
| 16 | സാമൂഹ്യ നീതി വകുപ്പ് | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (NISH) - പുതിയ അക്കാദമിക് കെട്ടിടത്തിന്റെ ശിലാസ്ഥാപന ചടങ്ങ് |
| 17 | ജലവിഭവ വകുപ്പ് | ചക്കാലക്കൽ തോട് സംരക്ഷണവും നവീകരണവും: ചെളിനീക്കം, പാർശ്വഭിത്തി നിർമ്മാണ പദ്ധതി പൂർത്തീകരണം. |
| 18 | ജലവിഭവ വകുപ്പ് | വേമ്പനാട്ട് കായലിലെ പഴുക്കാനിലക്കായൽ ശുചീകരണവും ആഴംകൂട്ടലും പദ്ധതിയുടെ പൂർത്തീകരണം |

സെക്ഷൻ ഓഫീസർ